# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1313

04.12.14 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ സുരക്ഷാനിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, അൻവർ സാദത്ത്<br>,, വി.റ്റി. ബൽറാം<br>,, എ.റ്റി. ജോർജ്ജ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17.09.2014ലെ സ.ഉ.(കൈ)നം.39/14/ഭ.സി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു വെങ്കിലും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.<br><br>പദ്ധതി നടപ്പിലാക്കുന്നതിനായി, മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ആഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുള്ള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺ ലൈനിൽ പരിശോധി- ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) 14.01.2011 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ., 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാഫാറം റേഷൻകടകളി ലൂടെ കാർഡുടമകൾക്ക് നൽകി വിവര ശേഖരണം നടത്തി, മേൽ ഉത്തരവുകളുടെ |

അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച്, കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത്തല കമ്മിറ്റികൾ അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. 01.01.2015 മുതൽ ഫാറം വിതരണം റേഷൻകടകളിൽ കൂടി ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ; | (സി) | നിലവിൽ എ.എ.വൈ., ബി.പി.എൽ. കാർഡുകളിലുൾപ്പെടെ 19 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ബി.പി.എൽ. ആനുകൂല്യം ലഭിച്ച് വരുന്നത്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ 154.80 ലക്ഷം അംഗങ്ങൾക്ക് അതായത് 35 ലക്ഷത്തോളം കുടുംബങ്ങൾക്ക് മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ നിയമത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ ഭക്ഷ്യധാന്യം നൽകുവാൻ കഴിയും. നിലവിൽ എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് നൽകുന്ന നിരക്കിൽ തന്നെ ഭക്ഷ്യധാന്യം നൽകാമെന്ന് കേന്ദ്ര സാമ്പത്തിക കാര്യസമിതി അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത എ.പിഎൽ (എസ്.എസ്) വിഭാഗക്കാർക്ക് നിലവിലുള്ള സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും എ.പി.എൽ (എസ്.എസ്) വിഭാഗത്തിൽ പെടാത്തവർക്ക് നിലവിലുള്ള എ.പി.എൽ. നിരക്കിൽ ഭക്ഷ്യ ധാന്യം വിതരണം ചെയ്യുവാനും 17.09.14ലെ സ.ഉ.(കൈ)നം. 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും, ധർമ്മ സ്ഥാപനങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ, അതുപോലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും റേഷൻ തുടർന്നും നൽകാൻ ഭക്ഷ്യസുരക്ഷാ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിവർഷ ശരാശരി വിഹിതമായ |

16.25 ലക്ഷം ടണ്ണിന് പകരം 14.25 ലക്ഷം ടണ്ണായി ഇപ്പോൾ ഭക്ഷ്യധാന്യ വിഹിതം കുറവ് ചെയ്തിരിക്കുകയാണ്. മുകളിൽ സൂചിപ്പിച്ച എല്ലാ വിഭാഗക്കാർക്കും തുടർന്നും റേഷൻ ലഭ്യമാക്കണമെന്നും സംസ്ഥാനത്തെ മൊത്തം ഭക്ഷ്യധാന്യ വിഹിതം കൂട്ടണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ ശൃംഖലയിൽ നിന്ന് ഒരാളും ഒഴിവാക്കപ്പെടാത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചു വരുന്നത്.

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉളളവരെയും, എ.പി.എൽ. വിഭാഗത്തിലെ അർഹതയുളള വരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(ഡി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ എല്ലാ അർഹതയുളളവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

സെക്ഷൻ ഓഫീസർ